**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2467** **12-12-2022 - ൽ മറുപടിയ്ക്ക്**

**ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പൊതുജനങ്ങൾക്ക് മുൻകാലങ്ങളിൽ ലഭിക്കാതിരുന്ന ഏതൊക്കെ സേവനങ്ങളാണ് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകൃതമായതിനുശേഷം ലഭിക്കുന്നതെന്നും ഇതിൽ ഏതൊക്ക സേവനങ്ങളുടെ കാലയളവാണ് വേഗത്തിലായതെന്നുമുള്ള വിശദാംശം നൽകുമോ; | (എ) | വിവര സാങ്കേതിക വിദ്യയുടേയും ഇ-ഗവേണൻസിന്റെയും സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി എല്ലാ ഓഫീസുകളിലും ഇ-ഫയലിംഗ് സംവിധാനം ഒരുക്കുന്നതിനും അതിവേഗ ഫയൽ സഞ്ചാരം ഉറപ്പുവരുത്തി പൊതുജനങ്ങളുടെ ആവശ്യങ്ങൾക്ക് ദ്രുതഗതിയിൽ പരിഹാരം ഉണ്ടാക്കുന്നതിനുമാണ് ഏകീകരണത്തിലൂടെ ലക്ഷ്യമിടുന്നത്. അതുപോലെ ആധുനിക സാങ്കേതികവിദ്യയുടെ പിൻബലത്തിൽ ഓൺലൈൻ സേവനങ്ങൾ ഉപയോഗപ്പെടുത്തി സമയലാഭത്തെക്കുറിച്ചുള്ള അറിവ് ജനങ്ങളിൽ എത്തിക്കുന്നതുവഴി ഓഫീസുകളിലെ തിരക്ക് കുറയ്ക്കുവാനും സേവനങ്ങൾ അതിവേഗം പ്രദാനം ചെയ്യുന്നതിനും കഴിയുന്ന രീതിയിൽ ഓഫീസുകളെ മാറ്റുന്നതിനും സാധിക്കും. ഇലക്ട്രോണിക് വിദ്യയുടെ സഹായത്തോടെ ഓഫീസുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിനും അതിനുള്ള നേതൃത്വം നൽകുന്നതിനും പുതിയ സംവിധാനം ലക്ഷ്യമിടുന്നു. ഓഫീസുകളിലെ ഫയൽ സഞ്ചാരത്തിൽ തട്ടുകളുടെ എണ്ണം സാധാരണ നിലയിൽ മൂന്ന് ആയും കൂടുതൽ പരിശോധന ആവശ്യമുള്ള വിഷയങ്ങളിൽ മാത്രം നാല് തട്ടായും നിജപ്പെടുത്തുക വഴി ഫയലുകളിൽ വേഗത്തിൽ തീരുമാനം ഉണ്ടാകുന്നതിനും സേവനപ്രദാനത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനും സാധിക്കും. ഓഫീസുകളിൽ നിന്നും വിശിഷ്യാ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ലഭിക്കാൻ കാലതാമസം നേരിടുന്നുവെന്ന പരാതിക്ക് പരിഹാരം കാണുന്നതിനും ഓഫീസുകൾക്ക് ജനപക്ഷമുഖം നൽകുന്നതിനും ഏകീകരണം വഴി സാധ്യമാകും. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാവുന്ന സേവനങ്ങൾക്കും സാക്ഷ്യപത്രങ്ങൾക്കും ഒരേ രീതിയിലുള്ള ഫോമുകളും |

| | | | |
|---|---|---|---|
| | | | രേഖകളും മാത്രം ഉപയോഗിക്കുന്ന രീതി അവലംബിക്കാനും അതുവഴി ഫയൽ നീക്കം വേഗത്തിലാക്കാനും സാധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത വകുപ്പ് രൂപീകൃതമാവുന്നതിനുമുമ്പ് പൊതുജനങ്ങൾക്ക് നൽകി വന്നിരുന്ന ഏതൊക്കെ സേവനങ്ങളിലാണ് കാലതാമസമുണ്ടായിരുന്നത്; വിശദാംശം നൽകുമോ; | (ബി) | എല്ലാ സേവനങ്ങളും പൊതുജനങ്ങൾക്ക് യഥാസമയം ലഭ്യമാക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. അഞ്ചു വകുപ്പുകൾ വ്യത്യസ്തമായി പ്രവർത്തിച്ചിരുന്ന കാലയളവിൽ വിവിധ തട്ടുകളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ഭരണപരമായ മേൽനോട്ടം വിവിധ വകുപ്പുകൾക്കായിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അത്യന്താപേക്ഷിതമായി ഉണ്ടാകേണ്ട ഏകോപനമില്ലായ്മയുടെ ഭാഗമായി ചില സേവന പ്രദാന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത വകുപ്പിനോട് സംയോജിപ്പിച്ച അഞ്ച് വകുപ്പുകൾ സ്വതന്ത്രമായി പ്രവർത്തിച്ചിരുന്ന സമയത്ത് പൊതുജനങ്ങൾക്ക് സമയബന്ധിതമായി ലഭിക്കേണ്ട ഏതൊക്കെ സേവനങ്ങളാണ് നിലവിൽ സമയബന്ധിതമായി ലഭിക്കാതിരിക്കുന്നത്; വിശദാംശം നൽകുമോ? | (സി) | പൊതുജനങ്ങൾക്ക് ലഭിക്കേണ്ട എല്ലാ സേവനങ്ങളും സമയബന്ധിതമായി നൽകിവരുന്നുണ്ട്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് പ്രവർത്തിച്ചു തുടങ്ങിയിട്ടേയുള്ളൂവെന്നതിനാൽ സമ്പൂർണ്ണ വിലയിരുത്തൽ നടത്താൻ സാധിക്കുന്ന വിധത്തിൽ ഉദ്യോഗസ്ഥ സംവിധാനം പൂർണ്ണമായും നിലവിൽ വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ